**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4035** **17-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ആരംഭിച്ച വാതിൽപ്പടി സേവനം നിർത്തലാക്കിയോ എന്ന് അറിയിക്കാമോ; | (എ) | വാതിൽപ്പടി വിതരണം നിർത്തലാക്കിയിട്ടില്ല . |
| (ബി) | പ്രസ്തുത സേവനത്തിന് എത്ര മാസത്തെ കുടിശ്ശികയാണ് സർക്കാർ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വാതിൽപ്പടി കുടിശ്ശികയുടെ പേരിൽ റേഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | വാതിൽപ്പടി വിതരണം/വിട്ടെടുപ്പുമായി ബന്ധപ്പെട്ട് 2024 ഡിസംബർ മാസം വരെ നോർമൽ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് 184.68 കോടി രൂപ നല്കുവാനുണ്ട്. PMGKAY ഭക്ഷ്യ ധാന്യങ്ങളുടെ ഗതാഗത കൈകാര്യ ചെലവിനത്തിൽ കേന്ദ്ര വിഹിതത്തിനേക്കാൾ അധികമായി ചെലവഴിച്ച 99.4423267/- കോടി രൂപ അനുവദിക്കുന്നതിനു അനുമതി ആയിട്ടുണ്ട്. വാതിൽപ്പടി കുടിശ്ശികയുടെ പേരിൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല. |
| (സി) | വാതിൽപ്പടി സേവനം സംബന്ധിച്ച് വാഹനങ്ങൾക്കും കരാറുകാർക്കും നൽകാനുള്ള തുക, ഗോഡൗണുകളുടെ വാടകയിനത്തിൽ നൽകാനുള്ള തുക, തൊഴിലാളികളുടെ കൂലിയിനത്തിൽ കൊടുക്കുവാനുള്ള കുടിശ്ശിക തുക എന്നിവ സർക്കാർ കൊടുത്ത് തീർത്തിട്ടുണ്ടോ; | (സി) | ഇല്ല. വാതിൽപ്പടി വിതരണം/വിട്ടെടുപ്പുമായി ബന്ധപ്പെട്ട് ഗതാഗത കരാറുകാർ ഏർപ്പെടുത്തിയിരിക്കുന്ന വാഹനങ്ങളാണ് വാതിൽപ്പടി സേവനത്തിനായി ഉപയോഗിക്കുന്നത്. 2024 ഡിസംബർ മാസം വരെ കരാറുകാർക്ക് നല്കാനുള്ള മുഴുവൻ തുകയും നല്കിയിട്ടുണ്ട്. 2025 ജനുവരി/ ഫെബ്രുവരി മാസങ്ങളിലെ ഗതാഗത കൈകാര്യ ചെലവുകളുടെ കണക്കുകൾ അതാത് ഡിപ്പോകളിൽ നിന്നും ശേഖരിച്ചു വരുന്നു. മാർച്ച് മാസത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വിട്ടെടുപ്പ് /വിതരണം പൂർത്തിയായി വരുന്നു. കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള (10%) തുക 14.38 കോടിയാണ്. ഇതിനു പുറമേ 2024 മാർച്ച മാസം വരെയുള്ള ചെലവുകളിൽ വിവിധ കാരണങ്ങളാൽ ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതും വിതരണം ചെയ്യുവാൻ മറ്റു തടസങ്ങൾ ഇല്ലാത്തതുമായ 0.5 കോടി രൂപ കരാറുകാർക്ക് കുടിശികയായിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | NFSA ഗോഡൌണുകളുടെ വാടക ഇനത്തിൽ 4.47 കോടി രൂപ സപ്ലൈകോയ്ക്ക് നല്കുവാനുണ്ട് .<br><br>തൊഴിലാളികളുടെ കൂലിയിനത്തിൽ ക്ഷേമനിധി ബോർഡിൽ അടവാക്കാനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് വാതിൽപ്പടി വിതരണ കരാറുകാർക്ക് നല്കുന്നത്.<br><br>അതാത് മാസങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളി ക്ഷേമനിധിബോർഡിൽ അടവ് വരുത്തുന്നത് കരാറുകാർ നേരിട്ടാണ്.<br><br>ആവശ്യത്തിന് തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ ഇനി എത്ര രൂപയാണ് കൊടുക്കാനുള്ളതെന്ന് വിശദീകരിക്കാമോ; എങ്കിൽ പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കുമെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല. വാതിൽപ്പടി വിതരണം/വിട്ടെടുപ്പുമായി ബന്ധപ്പെട്ട് ഗതാഗത കരാറുകാർ ഏർപ്പെടുത്തിയിരിക്കുന്ന വാഹനങ്ങളാണ് വാതിൽപ്പടി സേവനത്തിനായി ഉപയോഗിക്കുന്നത്. 2024 ഡിസംബർ മാസം വരെ കരാറുകാർക്ക് നല്കാനുള്ള മുഴുവൻ തുകയും നല്കിയിട്ടുണ്ട്. 2025 ജനുവരി/ ഫെബ്രുവരി മാസങ്ങളിലെ ഗതാഗത കൈകാര്യ ചെലവുകളുടെ കണക്കുകൾ അതാത് ഡിപ്പോകളിൽ നിന്നും ശേഖരിച്ചു വരുന്നു. മാർച്ച് മാസത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വിട്ടെടുപ്പ് /വിതരണം പൂർത്തിയായി വരുന്നു. കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള (10%) തുക 14.38 കോടിയാണ്. ഇതിനു പുറമേ 2024 മാർച്ച് മാസം വരെയുള്ള ചെലവുകളിൽ വിവിധ കാരണങ്ങളാൽ ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതും വിതരണം ചെയ്യുവാൻ മറ്റു തടസങ്ങൾ ഇല്ലാത്തതുമായ 0.5 കോടി രൂപ കരാറുകാർക്ക് കുടിശികയായിട്ടുണ്ട് .<br><br>NFSA ഗോഡൌണുകളുടെ വാടക ഇനത്തിൽ 4.47 കോടി രൂപ സപ്ലൈകോയ്ക്ക് നല്കുവാനുണ്ട് .<br><br>തൊഴിലാളികളുടെ കൂലിയിനത്തിൽ ക്ഷേമനിധി ബോർഡിൽ അടവാക്കാനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് വാതിൽപ്പടി വിതരണ കരാറുകാർക്ക് നല്കുന്നത്.<br><br>അതാത് മാസങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളി ക്ഷേമനിധിബോർഡിൽ അടവ് വരുത്തുന്നത് കരാറുകാർ നേരിട്ടാണ്. |

| | | | |
|---|---|---|---|
| | | | ആവശ്യത്തിന് തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ